**Kerala Catholic Bishops' Council (KCBC)**
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
*Ref: 653/KCBC/K-6/KPR/DS*

06.03.2019

## ജസ്റ്റീസ് കെ.ടി തോമസ് പുകമറ സൃഷ്ടിക്കുന്നു: കെസിബിസി ജാഗ്രതാ സമിതി

കൊച്ചി: ഇ-മെയിൽ സന്ദേശങ്ങൾ വഴി സംസ്ഥാന നിയമപരിഷ്കരണകമ്മീഷനു മുമ്പിലെത്തിയ പ്രതികരണങ്ങളിൽ ഭൂരിഭാഗവും ചർച്ച് ബില്ലിനെ അനുകൂലിക്കുന്നുവെന്ന കമ്മീഷൻ അധ്യക്ഷന്റെ അവകാശവാദം, ജനങ്ങൾക്കു മുമ്പിൽ പുകമറ സൃഷ്ടിച്ച് ബില്ലിനെ ന്യായീകരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണെന്നു വേണം കരുതാൻ. കർഷകർ ആത്മഹത്യ ചെയ്യുകയും പാവപ്പെട്ടവരുടെ കിടപ്പാടംപോലും ബാങ്കുകൾ ജപ്തിചെയ്യുകയും നാട്ടിൽ സമാധാനജീവിതം ദുഷ്കരമാക്കുംവിധം രാഷ്ട്രീയ വൈരവും പകയും വർധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, സഭയുടെ സ്വത്തു സംരക്ഷിക്കാൻ നിയമമുണ്ടാക്കുന്നതാണ് സംസ്ഥാനത്തിന്റെ മുഖ്യമായ പ്രശ്നമെന്നു ധരിച്ചുവശായിരിക്കുകയാണ് സംസ്ഥാന നിയമപരിഷ്കരണ കമ്മീഷൻ. സമൂഹത്തിൽ സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും ജീവിതം കുറേക്കൂടി മെച്ചമാക്കുന്നതിനും, സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങൾ അതർഹിക്കുന്ന ജനവിഭാഗങ്ങളിലേക്ക് എത്തുന്നു എന്നുറപ്പുവരുത്തുന്നതിനും സാധാരണക്കാരനു നീതി ഉറപ്പാക്കുന്നതിനും ഉപകരിക്കുന്ന നിർദേശങ്ങൾ നല്കാൻ ശ്രദ്ധിക്കുന്നതല്ലേ ഉചിതം? ക്രൈസ്തവ സമുദായത്തെ അധിക്ഷേപിക്കുകയും, സഭയ്ക്കും സമുദായത്തിനുമെതിരേ തെറ്റിദ്ധാരണ പരത്തുംവിധം വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നത് സംസ്ഥാന നിയമപരിഷ്കരണ കമ്മീഷനും അതിന്റെ അധ്യക്ഷനും ഭൂഷണമല്ല. ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്നവർ, നിലമറന്നു പെരുമാറുന്നത് അത്യന്തം ഖേദകരമാണ്. ക്രൈസ്തവ സഭകളുടെയും സമുദായത്തിന്റെയും ആത്മാഭിമാനത്തെ ചോദ്യംചെയ്യുന്ന നിലപാട് സംസ്ഥാന നിയമ പരിഷ്കരണകമ്മീഷൻ അവസാനിപ്പിക്കണം. സംസ്ഥാന സർക്കാരിന്റെയും അതിനു നേതൃത്വം നല്കുന്ന രാഷ്ട്രീയ പാർട്ടികളുടെയും താത്പര്യപ്രകാരമല്ല ബില്ലുകൊണ്ടുവരുന്നതെന്നു പറയുന്ന നിയമപരിഷ്കരണ കമ്മീഷൻ, അതിന്റെ അധ്യക്ഷന്റെ വ്യക്തിപരമായ താത്പര്യങ്ങൾക്കുവേണ്ടിയല്ല നിലപാടെടുക്കുന്നതെന്ന് ഉറപ്പുവരുത്തണം. ക്രൈസ്തവ സമുദായങ്ങളിൽ ഏതെങ്കിലും വിഭാഗത്തിന് ബിൽ നിർദേശിക്കുന്ന ക്രമീകരണങ്ങൾ ആവശ്യമുണ്ടെങ്കിൽ അവർ സംസ്ഥാന സർക്കാരിനെ സമീപിക്കട്ടെ. ഏതെങ്കിലും സംഘടനകളുടെയോ വ്യക്തികളുടെയോ നിലപാട് ക്രൈസ്തവ സമുദായത്തിന്റെമേൽ കെട്ടിയേല്പിക്കാൻ കമ്മീഷൻ ശ്രമിക്കേണ്ടതില്ല. വിവാദങ്ങളുണ്ടാക്കി പ്രശസ്തി നേടാൻ ശ്രമിക്കുന്നതിനുപകരം, കമ്മീഷൻ അനാവശ്യ ഉദ്യമങ്ങളിൽനിന്ന് പിന്മാറുകയും ചർച്ച് ബിൽ പിൻവലിക്കുകയുമാണ് വേണ്ടതെന്ന് കെസിബിസി ജാഗ്രതാ സമിതിയുടെ, പിഒസിയിൽ ചേർന്ന സമ്മേളനം ചൂണ്ടിക്കാട്ടി.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗിക വക്താവ്, കെ.സി.ബി.സി.
ഡയറക്ടർ, പി.ഒ.സി.

**ഫാ. സാജു സി.എസ്.റ്റി**
സെക്രട്ടറി
കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com